# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1760** **05-02-2019 ൽ മറുപടിയ്ക്ക്**

## നൂനപക്ഷ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഈ വർഷം നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപേക്ഷകൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ലൈഫ് മിഷനുമായി ചേർന്ന് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി മുഖേന എത്ര വീടുകൾ നിർമ്മിച്ചുവെന്നും പുനരുദ്ധാരണം നടത്തിയെന്നും വ്യക്തമാക്കുമോ; ഇതിനായി എന്തു തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 3038 വീടുകളും 1000 പുനരുദ്ധാരണ വീടുകളുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 1100 പുതിയ വീടുകൾ പൂർത്തീകരിച്ചു 520 വീടുകൾ പൂർത്തീകരണ ഘട്ടത്തിലും ബാക്കി വീടുകൾ വിവിധ നിർമ്മാണഘട്ടങ്ങളിലുമാണ്. ഭവന പുനരുദ്ധാരണ പദ്ധതിയിൽ 450 വീടുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള വീടുകളുടെ വർക്കുകൾ പുരോഗമിച്ച് വരികയുമാണ്. പദ്ധതിക്കായി 81 കോടി രൂപ അതത് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും ധനസഹായം എന്നത്തേക്ക് പരിപൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ? | (സി) | മലപ്പുറം ജില്ലയിലെ വിവരം അനുബന്ധമായി ചേർക്കുന്നു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി - 2017-18 (മലപ്പുറം ജില്ല)**

| പദ്ധതി | ലഭ്യമായ അപേക്ഷകൾ | റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയവർ | സർക്കാർ ജില്ലയ്ക്ക് അനുവദിച്ച വീടുകളുടെ എണ്ണം | എഗ്രിമെന്റ് വച്ചവ | ധനസഹായം വിതരണം ചെയ്തവ | | | | നിർമ്മാണ/പുനരുദ്ധാരണം പൂർത്തിയായവ |
|---|---|---|---|---|---|---|---|---|---|
| | | | | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നാലാം ഗഡു | |
| ഭവന നിർമ്മാണം | 1727 | 639 | 450 | 441 | 433 | 302 | 194 | - | 56 |
| ഭവന പുനരുദ്ധാരണം | 742 | 217 | 200 | 183 | 179 | 100 | - | - | 100 |

ഗുണഭോക്താക്കൾ സ്റ്റേയ്ജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന മുറയ്ക്കാണ് ഗഡുക്കളായി തുക അനുവദിച്ചു വരുന്നത്. പല ഗുണഭോക്താക്കളും സ്റ്റേയ്ജ് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിൽ കാല താമസം വരുത്തുന്നു. 2019 മാർച്ച് അവസാനത്തോടെ ധനസാഹയ വിതരണം പൂർത്തീകരിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ